**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 317** **23-06-2026-ൽ മറുപടിയ്ക്ക്**

**ശബരിമല സ്വർണ്ണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട അന്വേഷണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പത്തിലെ സ്വർണ്ണം നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

**മറുപടി:** ബഹു. കേരള ഹൈക്കോടതി സ്വമേധയാ എടുത്ത SSCR No. 23/2025 കേസിലെ 06-10-2025ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടന്നു വരുന്നത്. ആയതിനാൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

**(ബി)** നിലവിലെ അന്വേഷണ ഏജൻസിക്ക് മുമ്പിൽ ചോദ്യം ചെയ്യലിന് വിധേയരായവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പ്രസ്തുത കേസിൽ തുടർ അന്വേഷണത്തിനായി പുതിയ അന്വേഷണ ഏജൻസിക്ക് ചുമതല ഏൽപ്പിക്കുന്നുണ്ടോ; എങ്കിൽ ഏത് അന്വേഷണ ഏജൻസിയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ബഹു. കേരള ഹൈക്കോടതിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ അന്വേഷണത്തിലിരിക്കുന്ന കേസ്സായതിനാൽ ബഹു. കോടതിയുടെ തീരുമാനത്തിന് അനുസൃതമായിരിക്കും തുടർനടപടികൾ സ്വീകരിക്കുന്നത്.

**(ഡി)** പ്രസ്തുത കേസ് കേന്ദ്ര ഏജൻസികൾ അന്വേഷിക്കുന്നതിനായുള്ള അനുമതിക്കു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**